കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നൂറുശതമാനം കേന്ദ്രസഹായം ഉള്ളവ

116 (6567) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 100 ശതമാനം കേന്ദ്രസഹായം ഉള്ളവ ഏതെല്ലാം ; 100 ശതമാനത്തിൽ താഴെ കേന്ദ്രസഹായം ഉള്ള പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ ;

(ബി) മേൽപറഞ്ഞ പദ്ധതികളിൽ ഓരോന്നിനും സംസ്ഥാനത്തിന് അർഹമായ തുക കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ എത്രയായിരുന്നുവെന്നു വർഷം തിരിച്ച് അറിയിക്കുമോ ; ഇതിൽ ഓരോ വർഷത്തിലും യഥാർത്ഥത്തിൽ നേടിയെടുക്കാൻ കഴിഞ്ഞ തുകയെത്രയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന ബഡ്ജറ്റിൽ ആവശ്യമുള്ള തുക വകകൊള്ളിക്കാത്തതിനാൽ നടപ്പാക്കാൻ കഴിയാതെപോയ കേന്ദ്രസഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രസഹായം ലഭിക്കാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതെപോയവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 100 ശതമാനവും 100 ശതമാനത്തിൽ താഴെ കേന്ദ്രസഹായവുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ സംസ്ഥാനത്തിന് അർഹമായ തുകയും യഥാർത്ഥത്തിൽ ലഭിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (ബി) യായി ചേർക്കുന്നു.*

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

ബജറ്റ് പ്രഖ്യാപനത്തിലെ നടപ്പിലാകാത്ത പദ്ധതികൾ

117 (T6568) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബഡ്ജറ്റ് പ്രസംഗത്തിലും ബഡ്ജറ്റ് എസ്റ്റിമേറ്റിലുമായി പ്രഖ്യാപിച്ച 174 പദ്ധതികൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ബഡ്ജറ്റിലെ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ഒന്നും നടപ്പിൽ വരുത്തിയിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) 2013-14 വർഷത്തെ ബഡ്ജറ്റിൽ മുന്നൂറ്റി എൺപതോളം പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ ഭരണവകുപ്പുകൾ ലഭ്യമാക്കിയിട്ടുള്ള വിശദാംശങ്ങൾ പ്രകാരം ഇരുന്നൂറോളം പദ്ധതികൾക്ക് ഇതിനോടകംതന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിക്കഴിഞ്ഞ പദ്ധതികളുടെ നിർവ്വഹണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒട്ടുമിക്ക പദ്ധതികളുടെയും നിർവ്വഹണത്തിന് ബഡ്ജറ്റിൽതന്നെ ആവശ്യമായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലാത്ത പദ്ധതികൾക്ക് ഭരണവകുപ്പ് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഉപധനാഭ്യർത്ഥനകളിലൂടെ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതിക കാരണങ്ങൾകൊണ്ട് ചില പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഉയർന്ന മുൻഗണന നൽകി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

2013-14-ലെ ബഡ്ജറ്റിൽ ഓരോ വകുപ്പിനുവേണ്ടി വകകൊള്ളിച്ച തുക

118 (6569) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ച് 31-ാം തീയതിയിലെ കണക്ക് പ്രകാരം 2013-14-ലെ ബഡ്ജറ്റിൽ പ്ലാൻ, നോൺ പ്ലാൻ തിരിച്ച് ഓരോ വകുപ്പിനുവേണ്ടി വകകൊള്ളിച്ച തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ;

(ബി) മുഴുവൻ തുകയും ചെലവഴിച്ച വകുപ്പുകൾ ഏത്ര ;

(സി) ചെലവഴിക്കാൻ 50ശതമാനം ബാക്കിയുള്ള വകുപ്പ് ഏതെല്ലാം ;

(ഡി) ചെലവഴിക്കുന്നതിൽ കുറവ് വരാനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തികവർഷം ഓരോ ധനാഭ്യർത്ഥനയുടേയും കീഴിൽ വിവിധ വകുപ്പുകൾക്കായി പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം, അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2014 മാർച്ച് 31 വരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly